പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 796 — 08.01.2014-ൽ മറുപടിക്ക്

## നാഷണൽ അക്രഡിറ്റേഷൻ ബോർഡ് അംഗീകാരമുള്ള ആശുപത്രികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഹംസ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സിന്റെ അംഗീകാരമുള്ള എത്ര ആശുപത്രികൾ സംസ്ഥാനത്തുണ്ട് ; | (എ) 12 ആശുപത്രികൾ. |
| (ബി) സ്വകാര്യ ആശുപത്രികളുടെയും സർക്കാർ ആശുപത്രികളുടെയും വിശദാംശം വെവ്വേറെ നൽകാമോ ; | (ബി) സ്വകാര്യ ആശുപത്രികൾ - 8<br>1. മിംസ് ഹോസ്പിറ്റൽസ് (മിംസ് ലിമിറ്റഡ്), കോഴിക്കോട്.<br>2. കിംസ് ഹോസ്പിറ്റൽ, തിരുവനന്തപുരം.<br>3. ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, കോഴിക്കോട്.<br>4. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്), കൊച്ചി.<br>5. മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ലിമിറ്റഡ്, മലപ്പുറം.<br>6. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, കൊച്ചി.<br>7. തൃശ്ശൂർ ഹാർട്ട് ഹോസ്പിറ്റൽ ലിമിറ്റഡ്, തൃശ്ശൂർ.<br>8. ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ ലിമിറ്റഡ്, മലപ്പുറം.<br><br>സർക്കാർ ആശുപത്രികൾ - 4.<br>1. ജനറൽ ആശുപത്രി, എറണാകുളം.<br>2. സ്ത്രീകളുടെയും, കുട്ടികളുടെയും ആശുപത്രി, തൈക്കാട്, തിരുവനന്തപുരം.<br>3. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചേർത്തല, ആലപ്പുഴ.<br>4. സ്ത്രീകളുടെയും, കുട്ടികളുടെയും ആശുപത്രി, കോട്ടപ്പറമ്പ, കോഴിക്കോട്. |

(....2)

(vi) പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി നാഷണൽ അക്രഡിറ്റേഷൻ ബോർഡ് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിവരുന്നു ; പ്രസ്തുത നിർദ്ദേശങ്ങൾ ശരിയായി പാലിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

(vi) പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി നാഷണൽ അക്രഡിറ്റേഷൻ ബോർഡ് നൽകിയ നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നവയാണ്.

**നിർദ്ദേശങ്ങൾ**

1. ആശുപത്രിയിൽ ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് രോഗി അറിഞ്ഞിരിക്കണം.
2. ഒ.പി, ഐ.സി.യു, വാർഡ് എന്നിവിടങ്ങളിലുള്ള രോഗികളെ എങ്ങനെ പരിചരിക്കണം.
3. ഒരു ആശുപത്രിയിൽ എങ്ങനെയാണ് മരുന്നുകൾ സൂക്ഷിക്കേണ്ടത്, മരുന്നുകുറിപ്പടിയിൽ എന്തെല്ലാം ഉൾപ്പെടുത്തണം, മരുന്നുകൾ എങ്ങനെ നൽകണം, മരുന്നുകൾ നൽകിയ ശേഷം രോഗിയെ എപ്രകാരം ശ്രദ്ധിക്കണം എന്നീ കാര്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു.
4. രോഗികളുടെ അവകാശങ്ങളും കടമകളും മനസ്സിലാക്കിക്കൊടുക്കുന്നതിന് ആശുപത്രി ജീവനക്കാർക്ക് വേണ്ട പരിശീലനം കൊടുക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു.
5. അണുബാധ തടയുന്നതിനായി പാലിക്കേണ്ട വിവിധതരം അണുവിമുക്ത രീതികൾ, മാലിന്യ നിർമാർജ്ജന രീതികൾ, അണുബാധ നിയന്ത്രണത്തിനായി രൂപപ്പെടുത്തിയിരിക്കുന്നവയുടെ പ്രാധാന്യം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു
6. ആരോഗ്യ സേവനം മെച്ചപ്പെടുത്തുന്നതിനായി ആശുപത്രിയിൽ ശാസ്ത്രീയമായ എന്തൊക്കെ രേഖകൾ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.
7. ആശുപത്രി മാനേജ്മെന്റിന്റെ കടമകളെയും ഉത്തരവാദിത്തത്തെയും കുറിച്ച് നിർദ്ദേശിക്കുന്നു
8. രോഗികൾക്കും ബന്ധുക്കൾക്കും സന്ദർശകർക്കും ആരോഗ്യപരിപാലകർക്കും സുരക്ഷിതമായ ആശുപത്രി അന്തരീക്ഷം എങ്ങിനെ സൃഷ്ടിക്കാമെന്ന് പ്രതിപാദിച്ചിരിക്കുന്നു.
9. സുരക്ഷിതവും സുസ്ഥിരവുമായ ആരോഗ്യപരിപാലനത്തിനാവശ്യമായ കഴിവും യോഗ്യതയുമുള്ള ആരോഗ്യപരിപാലകരെ എങ്ങിനെ വാർത്തെടുക്കാമെന്ന് നിർദ്ദേശിക്കുന്നു.
10. രോഗികളുടെ സമഗ്രമായ ചികിത്സയ്ക്ക് മെഡിക്കൽ റെക്കോർഡുകളും, കമ്പ്യൂട്ടറിന്റെ ഉപയോഗവും എങ്ങിനെ സുരക്ഷിതവും, കൃത്യവുമായി ഉപയോഗിക്കാമെന്ന് പ്രതിപാദിച്ചിരിക്കുന്നു.

ഉണ്ട്. നാഷണൽ അക്രഡിറ്റേഷൻ ബോർഡിന്റെ നിർദ്ദേശങ്ങൾ സമഗ്രമായിത്തന്നെ നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ